Mr. A. Madhava Prabhu *(Diwan Peishkar):* Till now, we have not been giving any particular concession. But now we have come to an understanding that if they give rates which we were getting for the last 2 or 3 years, even though we might get more if they are auctioned, we will be prepared to give them to those agriculturists.

IRRIGATION IN CHITTUR TALUK—NEERVARAM—COLLECTION OF

289. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു വകയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ ഇറിഗേഷൻ കീഴിലുള്ള പുതുനിലങ്ങൾക്കു വെള്ളം കൊടുക്കുന്നതിനു് ഇരട്ടി നീർവാരം വസൂലാക്കിവരുന്നില്ലെ;

(ബി) മൂലത്തറ, കുന്നങ്കാട്ടുപതി, തെമ്പാറമൂടക്കു്, നറണി എന്നീ സിസ്റ്റങ്ങളിൽ, കൊല്ലംതോറും ഇരട്ടി നീർവാരം വകക്കു എത്ര കണ്ടു കിട്ടിവരുന്നുണ്ടു്;

(സി) ഇതേവരെ ആ ഇനത്തിൽ വസൂലാക്കിയ തുക എത്രയുണ്ടാകുമെന്നുള്ളതിന്റെ ഒരു ലിസ്റ്റു് സമർപ്പിക്കുവാൻ ഗവൺമെണ്ടിനു് ഭയവുണ്ടാകുമോ?

മിസ്റ്റർ എ. മാധവപ്രഭു:

(എ) ഇല്ല. അനുവാദം ക്രടാതെ സർക്കാർ വെള്ളം ഉപയോഗിച്ചു് പുതുനിലങ്ങൾ കൃഷിചെയ്യുന്നതിനു മാത്രമേ ഇരട്ടി നീർവാരം വസൂലാക്കി വരുന്നുള്ളു.

(ബി) ഇരട്ടി നീർവാരം വസൂലാക്കിവരുന്നതിനു് ഓരോ സിസ്റ്റത്തിനും വേർതിരിച്ചു കണക്കു വെച്ചിട്ടില്ലാത്തതിനാൽ ചോദ്യത്തിനു സമാധാനം പറയുവാൻ നിവൃത്തിയില്ല.

(സി) ഇരട്ടി നീർവാരം വകക്കു ഇതേവരെ വസൂലാക്കീട്ടുള്ള സംഖ്യ എത്രയാണെന്നു പറയുവാൻ കഴിഞ്ഞ 1൯൫ കൊല്ലത്തെ കണക്കുകൾ പരിശോധിക്കേണ്ടതാണു്. ഇത്രയും കാലത്തെ കണക്കുകൾ ഇപ്പോൾ കിട്ടുവാൻ മാർഗ്ഗമില്ലാത്തതിനാൽ ചോദ്യത്തിനു് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: കച്ചീട്ടു എഴുതി കൊടുക്കുന്നതായാൽ അനുവദിച്ചു കൊടുക്കുവാൻ വല്ല നിവൃത്തിയുമുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: പുതിയ നിലങ്ങൾക്കു വെള്ളം കൊടുത്താൽ ബ്രിട്ടീഷു് ഗവൺമെൻറു് അതിനെ ആക്ഷേപിക്കുന്നുണ്ടു്. നമുക്കു് ഇവിടെ ആവശ്യത്തിനുള്ള വെള്ളംതന്നെ കിട്ടാതിരിക്കുമ്പോൾ കൂടുതൽവെള്ളം എങ്ങിനെയാണു് കൊടുക്കുക. ബ്രിട്ടീഷു് ഗവൺമെൻറും കൊച്ചി ഗവൺമെൻറുംകൂടി ആലോചിച്ചു് തീരുമാനിച്ചതനുസരിച്ചാണു് ഇപ്പോൾ വെള്ളം കൊടുത്തുവരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി: കൂടുതൽ വെള്ളം കൊടുക്കുന്നതു് കൃഷിയുടെ വർദ്ധനക്കു കാരണമാകയില്ലേ?

മിസ്റ്റർ എ. മാധവപ്രഭു: കൃഷിക്കു വെള്ളം ആവശ്യംതന്നെയാണു്. പക്ഷെ വെള്ളം ഈ സിസ്റ്റമനുസരിച്ചു് ഇപ്പോഴുള്ള. അതു് പുതിയ നിലങ്ങൾക്കുംകൂടി കൊടുത്തു് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന നിലങ്ങളുംകൂടി നശിക്കണ്ടാ എന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: ഇറിഗേഷൻ കനാലിൽ ഉള്ള വെള്ളംതന്നെയല്ലെ കൊടുത്തുവരുന്നതു്? അതുകൂടാതെ വേറെപ്രകാരത്തിൽ വെള്ളം കൊടുത്തുവരുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: ഉള്ള വെള്ളം കൊടുക്കുവാനുള്ളവക്കെല്ലാം കൊടുത്തുവരുന്നുണ്ടു്. അനാവശ്യമായിട്ടു ഒരൊറ്റത്തുള്ളി വെള്ളംപോലും കളയുന്നില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: അനുവദിക്കാത്തപക്ഷം ഏക്കർ ഒന്നിനു ൟ ഉറപ്പിക വീതം കൊടുക്കേണ്ടിവരുന്നതു് വലിയ കഷ്ടമല്ലേ?

മിസ്റ്റർ എ. മാധവപ്രഭു: ആയിരിക്കാം.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: പതിച്ചു കൊടുക്കുകയാണെങ്കിൽ ഏഴര ഉറപ്പികവീതം കൊടുത്താൽ മതിയാകുന്നതാണു്.

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ പതിച്ചു കൊടുക്കുകയാണെങ്കിൽ അവക്കു് എല്ലാസമയത്തും ഒന്നുപോലെ വെള്ളം കൊടുക്കണം.

മിസ്റ്റർ വി. കെ. കുട്ടി: ഇരട്ടിച്ചാർജ്ജു് വസൂലാക്കുന്നതു കഷ്ടമല്ലെ?

മിസ്റ്റർ എ. മാധവപ്രഭു: സർക്കാരിന്റെ അനുവാദംകൂടാതെ വെള്ളംകൊണ്ടുപോകുന്നതിനാണു് ഇരട്ടിച്ചാർജ്ജു് വസൂലാക്കിവരുന്നതു്. പറമ്പുകൾ നിലങ്ങളാക്കി കൃഷി ചെയ്യുന്നുണ്ടു്. അതിലേക്കു വെള്ളം കൊണ്ടുപോകുന്നതു് സർക്കാരിന്റെ അനുവാദമില്ലാതെയാണു്. അതിനാണു് കൂടുതൽ സംഖ്യ വസൂലാക്കുന്നതു്. ബ്രിട്ടീഷു് ഗവൺമെണ്ടുമായുള്ള കരാറനുസരിച്ചു ഇത്ര ഏക്രിനു് വെള്ളം കൊടുക്കണമെന്നുണ്ടു്. അതു കൊടുക്കാതെ ആ എഗ്രിമെൻറിനു വിപരീതമായി പ്രവൃത്തിച്ചാൽ ഞങ്ങൾ അവരോടു സമാധാനം പറയേണ്ടിവരും.

മിസ്റ്റർ എ. ബി. സേലം: ഈ വെള്ളം എവിടെ നിന്നാണു വരുന്നതു്?

മിസ്റ്റർ എ. മാധവപ്രഭു: ബ്രിട്ടീഷിൽ കോയമ്പത്തൂർ ഡിസ്ട്രിക്ടിൽ അണകെട്ടിയാണു് വെള്ളം ഇങ്ങോട്ടു തിരിച്ചിട്ടുള്ളതു്.

മിസ്റ്റർ എ. ബി. സേലം: കമ്പാലത്തുറ ഏരി എന്നു പറയുന്നതു് ഏതാണു്?

മിസ്റ്റർ എ. മാധവപ്രഭു: അതു് ഒരു ഏരിയാണു്. അതിനെപ്പറ്റിയുള്ള സംഗതി ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

മിസ്റ്റർ എ. ബി. സേലം: ആ കമ്പാലത്തുറ ഏരി ശരിപ്പെടുത്തിയാൽ അവിടെയുള്ളവക്കു കൃഷിക്കാവശ്യമുള്ള വെള്ളം കിട്ടുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. മാധവപ്രഭു: അതിനു് ലക്ഷക്കണക്കിനു പണച്ചിലവുണ്ടു്. അതു് ഇപ്പോൾ ബ്രിട്ടീഷ്കാരെ പററിക്കുവാനുള്ള ഒരു വിദ്യയാണെന്നു അവർ ആക്ഷേപിക്കുന്നുണ്ടു്. എന്നാൽ അതു വാസ്തവത്തിൽ ശരിയല്ലെങ്കിലും അതിന്റെ കാര്യം ഇപ്പോൾ എഴുത്തുകുത്തിൽ ഇരിക്കുകയാണു്.

മിസ്റ്റർ എ. ബി. സേലം: കമ്പാലത്തുറ ഏരി നമ്മുടെ അതുത്തിയിൽ പെട്ടതല്ലേ?

മിസ്റ്റർ എ. മാധവപ്രഭു: അതെ.

മിസ്റ്റർ എ. ബി. സേലം: നമ്മുടെ അതുത്തിയിൽവരുന്ന വെള്ളം നമുക്കു ഉപയോഗിക്കരുതോ?

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ ചെയ്യുവാൻ പാടില്ല. ഫ൯ ഫ ഫ-ൽ ബ്രിട്ടീഷ് ഗവമ്മെണ്ടുമായിട്ട എഗ്രിമെൻറുണ്ടായിട്ടുണ്ടു്. അതിനു വിപരീതമായി ഒരു തോട്ടുപോലും കൂടുതലായി ഉണ്ടാക്കണമെന്നുണ്ടെങ്കിൽ അവരുടെ സമ്മതം വേണം.

മിസ്റ്റർ എ. ഈച്ചരമേനോൻ: അകമ്പാടം ചാലിൽക്കൂടി പോകുന്ന വെള്ളം ഈ പുതിയ കൃഷികൾക്കു കൊടുക്കുന്നില്ലെങ്കിൽ ആ വെള്ളം വെറുതെ പോകയില്ലേ?

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ ഒരു കൊല്ലത്തിൽ മാത്രമേ ഉണ്ടായിട്ടുള്ളു. ഇതുവരെ അങ്ങിനെ ഉണ്ടായിരുന്നില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: എല്ലാകൊല്ലവും അങ്ങിനെതന്നെയാണു്.

മിസ്റ്റർ എ. ബി. സേലം: കമ്പാലത്തുറ ഏരിയിൽക്കൂടി വെള്ളം വിടുവാൻ എത്രത്തോളം ചിലവുണ്ടു്?

മിസ്റ്റർ എ. മാധവപ്രഭു: ഏകദേശം നാലു ലക്ഷത്തോളം ഉറുപ്പിക വേണ്ടിവരും.

മിസ്റ്റർ എ. ബി. സേലം: കൃഷിക്കാരിൽനിന്നും കിട്ടുന്ന പണം ഈ വിഷയത്തിൽ അവക്കുവേണ്ടി ചിലവിടുവാൻ സാധിക്കുകയില്ലേ?

Mr. A. Madhava Prabhu *(Diwan Peishkar):* Mr. Salem, I think you have not understood me. We get water from a particular anicut and we are bound to distribute that water according to certain agreement entered into by us with the British Government. If we are to divert that water and add lands in a particular area we will be going against that agreement entered into with the British Government.

Mr. A. B. Salem *(Mattancheri):* I think, there are some other sources—Kambalathura *eri* and other sources.

Mr. President: It is not a source. Kambalathura is a reservoir.

Mr. A. B. Salem *(Mattancheri):* It is a natural reservoir.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: It is not so. I think Mr. Salem may confine himself to Mattancheri. *(Laughter).*

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ബ്രിട്ടീഷ് ഗവമ്മെണ്ടും കൊച്ചി ഗവമ്മെണ്ടുമായുള്ള കരാറിൽ ബ്രിട്ടീഷിലുള്ള കൃഷിക്കാക്ക് ഇത്രയിത്ര വെള്ളം കൊടുക്കണമെന്നുള്ളതല്ലാതെ കൊച്ചിയിലുള്ള കൃഷിക്കാക്ക്, സ്വല്പമായിട്ട വെള്ളം കൊടുത്തുവരുന്നവക്കും തീരെ വെള്ളം കിട്ടാത്തവക്കും, വെള്ളം കൊടുക്കുവാൻ പാടില്ലെന്നുള്ള വല്ല നിബന്ധനയുമുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു: അതല്ല. വെള്ളം കുറവുള്ള കാലങ്ങളിലും അവക്ക് കൂടുതൽ വെള്ളം കൊടുക്കേണ്ടിവരുമ്പോൾ വെള്ളം തികയാതെവന്നാൽ അവരിൽ നിന്നും ആക്ഷേപം വരുവാനിടയുണ്ട്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കരാറനുസരിച്ചു ബ്രിട്ടീഷ്കാക്ക് കൊടുക്കുന്ന വെള്ളത്തിന്റെ quantity അനുസരിച്ചു ഇവിടെയുള്ളവക്കും കൊടുക്കുവാൻ പാടില്ലേ?

മിസ്റ്റർ എ. മാധവപ്രഭു: ബ്രിട്ടീഷ് ഗവമ്മെണ്ടുമായുള്ള എഗ്രിമെൻറനുസരിച്ചു ഇവിടെ കൂടുതൽ വെള്ളം കൊടുക്കണമെങ്കിൽ അവരുടെ സമ്മതംകൂടി വേണം. മേട്ടുപ്പാളയത്തിനടുത്തുള്ള അകലെനിന്നാണ് വെള്ളം കൊണ്ടുവരേണ്ടിയിരിക്കുന്നത്. വെള്ളം കിട്ടാത്തകാലത്തു ഇടക്കിടെ ഇവിടെ വെള്ളം ഡൈവർട്ട് ചെയ്യുകയാണെങ്കിൽ അവക്ക് വെള്ളം കിട്ടാതെവരും. അതുകൊണ്ട് അവരുടെ സമ്മതത്തോടുകൂടി മാത്രമേ കൂടുതൽ ഏരിയാ അനുവദിക്കുവാൻ പാടുള്ളൂ.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ഈ പുഴയിൽനിന്നു പൊള്ളാച്ചി മുനിസിപ്പാലിറ്റിയിലുള്ള ജനങ്ങൾക്കു കുടിക്കുവാൻ വെള്ളമെടുത്തപ്പോൾ അവർ നമ്മുടെ ഗവമ്മെണ്ടിനോടു ആലോചിക്കുകയുണ്ടായോ ?

Mr. A. Madhava Prabhu *(Diwan Peishkar):* Pollachi is in British India. I do not think we have to do anything with that. We have only control over water when it enters our area.

Mr. President: I think, our consent was taken when water was diverted to the Pollachi area. But I do not know whether it is from the same source.

Mr. V. K. Aravindaksha Menon *(Chief Engineer):* It is from the same source.

PORAMBOKE IN KODASSERI VILLAGE—ASSIGNMENT OF

290. Mr. A. V. Moothedan *(Chalakkudi):* Will Government be pleased to state.—

(*a*) whether there is a proposal to assign the *Poramboke* portion of survey No. 567 of the Kodasseri village in the Mukundapuram Taluk;

(*b*) is not this land used as grazing land;

LIBRARY ARCHIVES Kerala Legislative Assembly